# മലങ്കര കത്തോലിക്കാസഭയുടെ മരിയശാസ്ത്രം

## *മറിയം ദീലേതോക്* - നിന്നെ പ്രസവിച്ച മറിയാമും - തുടർച്ച

റവ.ഡോ. കുര്യൻ വാലുപറമ്പിൽ

കുർബാനയിൽ ആദ്യമായി മദ്ബഹാവിരി നീക്കുമ്പോൾ (സ്വർഗം തുറക്കപ്പെടുമ്പോൾ) മറിയമിനെയും യോഹന്നാനെയും അനുസ്മരിക്കുന്നത് വചനമാം ദൈവത്തിന്റെ മനുഷ്യനായിത്തീരലിന് (മനുഷ്യാവതാരത്തിന്?) അന്ത്യോക്യൻ സുറിയാനി ക്രിസ്തുശാസ്ത്രം നല്കുന്ന പ്രാധാന്യത്തിന്റെ ഒരു സൂചനയുമാണ്. അതായത്, യേശുവിന്റെ രക്ഷാകരവ്യാപാരത്തിന്റെ (*മ്ദബറൂനൂതൊ*) ചരിത്രപരതയ്ക്കു നല്കുന്ന ഊന്നലിന്റെ ഒരു സൂചന. പക്ഷേ, ചിലർ വ്യാഖ്യാനിക്കുമ്പോലെ (ഉദാ: മാത്യു എം. കുഴിവേലിൽ, *വിശ്വാസാചാരങ്ങൾ മാർത്തോമ്മാ സഭയിൽ*, കോട്ടയം, 1993,60), നമ്മുടെ കർത്താവ് ചരിത്രപുരുഷനായിത്തീർന്ന സംഭവത്തിനു മാത്രം ഊന്നൽ നല്കാനല്ല. കാരണം, വി. കുർബാനയുടെ ശ്രദ്ധാവിഷയം യേശുവിന്റെ ജീവചരിത്രാവതരണമല്ല. നമ്മുടെ കർത്താവിന്റെ പുനരാഗമനവും മുൻകൂറായുള്ളൊരു സന്നിഹിതയാഥാർഥ്യമായി വിശ്വാസികളായ ആരാധകർക്ക് അനുഭവവേദ്യമാകുന്ന യേശ്വനുസ്മരണാചരണമാണ് വി. കുർബാന.

അന്ത്യോക്യൻ സഭാപാരമ്പര്യവും ഗ്രീക്കു സഭാപാരമ്പര്യവും സാർവത്രിക ചരിത്രദർശനത്തോടു യുഗാന്തദർശനവും ബന്ധപ്പെടുത്തിത്തന്നാണ് കുർബാനയെന്ന ക്രിസ്തുസ്മരണയാചരണം നിറവേറ്റുന്നത്. 'മനുഷ്യപുത്രന്റെ' മഹത്വപൂർണമായ പുനരാഗമനം അവന്റെ മനുഷ്യനായിത്തീരലിന്റെ പൂർത്തീകരണമാണ്. ക്രൈസ്തവദർശനത്തിൽ ചരിത്രത്തിന്റെ ലക്ഷ്യം (the end of the days / history) മനുഷ്യപുത്രന്റെ മഹത്വപൂർണമായ പുനരാഗമനമത്രേ. ക്രൈസ്തവദർശനം 'അവസാനനാളുകൾ/കാലം' (the end of the days / history) എന്നു പറയുന്നത് കലണ്ടർദിനങ്ങളുടെ അവസാനം എന്നയർഥത്തിലല്ലെന്ന് പരിശുദ്ധ ബനഡിക്ട് പാപ്പാ വ്യക്തമാക്കിയിട്ടുള്ളത് ഓർമിക്കാം. ക്രൈസ്തവരക്ഷാചരിത്രത്തിലെ യുഗാന്തസംഭവത്തിൽ മഹത്വപൂർണനായ മനുഷ്യപുത്രനായ യേശുക്രിസ്തുവിനോടുകൂടെയായിരിക്കുമെന്നത് വിശ്വാസികളുടെ പരമോന്നതമായ ക്രൈസ്തവപ്രത്യാശയത്രേ. ഈ ഭാവ്യനുഭവത്തിന്റെ ഒരു മുൻകൂറനുഭവവും അദൃശ്യസാന്നിധ്യവും ആരാധകസംഘത്തിനു ലഭ്യമാകുന്നുണ്ട് വിശുദ്ധ കുർബാനയിൽ. സാർവത്രികമായ ചരിത്രാത്മകതയും ഭാവ്യുന്മുഖതയും ഒന്നിച്ച് സന്നിഹിതമാക്കപ്പെടുന്ന വർത്തമാന(കാല)സംഭവമായ ഓർമയാചരണമാണ് വിശുദ്ധ കുർബാന.

പുരോഹിതജനത്തിലാണ് കുർബാനയിൽ യേശു സന്നിഹിതനാകുന്നത്. വർത്തമാനപുരോഹിതജനം (ആരാധനാസംഘം) ഭൂത,ഭാവികാലങ്ങളിലെ ആരാധനാസംഘത്തെയാകെയും ഉൾക്കൊള്ളുന്നതത്രേ. ഈ വസ്തുത മദ്ബഹായിൽ പുരോഹിതൻ ആചരിക്കുന്ന കാഴ്ചവയ്പുപ്രാർഥനയിലും നാല്, അഞ്ച്, ആറ് എന്നീ തുബ്ദേനുകളിലും സ്പഷ്ടമായുണ്ട്. ജറുസലേമിലെ മാർ യാക്കോബിന്റെ അനാഫുറ നാലാം തുബ്ദേന് പുരോഹിതന്റെ പ്രാർഥനയിൽ ഇപ്രകാരമുണ്ടല്ലോ: "ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളും ഗുരുക്കളുമായ പരേതരായ വിശ്വാസികളുടെ ആശ്വാസത്തിനുംവേണ്ടി ഈ ആത്മീയബലിയിൽ ഞങ്ങളോടുകൂടെ അവരും സംബന്ധിക്കാനായി ഞങ്ങൾ അവരെ സ്മരിക്കുന്നു." ഭൂതകാലപുരോഹിതജനത്തെ അനുസ്മരിക്കാനാണ് പള്ളിയുടെ നടുവിൽ കിഴക്കുപടിഞ്ഞാറ് ചുവന്ന വിരി വിരിച്ചിട്ടുള്ളതെന്നും, അവരെയും അനുസ്മരിച്ചുകൊണ്ടാണ് പടിഞ്ഞാറോട്ടു ധൂപം വീശുമ്പോൾ നടുക്ക് പ്രത്യേകം ധൂപാർപ്പണം ചെയ്തു വണങ്ങുന്നതെന്നുമുള്ള ധാരണ പരമ്പരാഗതമായി ലഭിച്ചിട്ടുള്ളവരാണല്ലോ മലങ്കരസഭാംഗങ്ങൾ. സഭയുടെ പരമോന്നതവും അതിശ്രേഷ്ഠവുമായ ആരാധനയിൽ, യേശുക്രിസ്തുവിന്റെയും അവന്റെ രക്ഷാകരമായ എല്ലാ സംഭവങ്ങളുടെയും പ്രവർത്തനങ്ങളുടെയും അനുസ്മരണയാചരണത്തിൽ, അവന്റെ പരമയാഗവേദിയിൽ നില്ക്കുകയായിരുന്ന അവന്റെ അമ്മയെ, അവളോടൊത്ത് അവിടെ നില്ക്കുകയായിരുന്ന ശിഷ്യന്റെ പിന്തുടർച്ചക്കാർ അനുസ്മരിക്കുന്നത് ആ പരമയാഗാനുസ്മരണയ്ക്കു സ്വാഭാവികമല്ലോ!

കുർബാനയുടെ (ആരാധനയുടെ) തിരുസമയത്തെ ആദ്യത്തെ സ്വർഗംതുറവിൽ പുരോഹിതൻ ആലപിക്കുന്ന *എക്ബൊ*യിൽ സുറിയാനി മൂലമനുസരിച്ച് 'കർത്താവേ' എന്നോ 'യേശു' എന്ന നാമമോ അവിടുത്തെക്കുറിച്ചുള്ള മറ്റഭിധാനങ്ങളോ നാമരൂപമുള്ള മറ്റു വർണനകളോ ഒന്നും ഇല്ല എന്നത് ആശ്ചര്യകരമായിരിക്കുന്നു. അതാരംഭിക്കുന്നത്, നാം കണ്ടതുപോലെ, "നിന്നെ പ്രസവിച്ച മറിയാമും..." എന്നാണ്. സുറിയാനിയിൽ 'മറിയം' എന്ന വാക്കുകൊണ്ട് - *മറിയാം ദീലേതോക്* ...

കുർബാനയുടെ ഈ 'തുറന്ന ആരംഭത്തിൽ' മറിയമിനെക്കുറിച്ച് സുറിയാനി പാരമ്പര്യം സ്വായ

ത്തമാക്കിയിട്ടുള്ള അതിപുരാതനമായൊരു ആത്മീയ പാരമ്പര്യം അന്തർഭവിച്ചിട്ടുണ്ട്. പൈതൽ പിറന്നുകഴിഞ്ഞ് അവനെ ആദ്യമായി കണ്ടപ്പോൾ മറിയം ആശ്ചര്യപ്പെടുകയാണ്: "എന്തു വിളിക്കും നിന്നെ ഞാൻ" എന്ന്. ഈ അദ്ഭുതപ്പെടലിന് മാർ അപ്രേം പലവുരു വാഗ്‌രൂപം നല്കിയിട്ടുണ്ട്. *ജനനകീർത്തനങ്ങളിൽ* (*Nativity Hymns*) ഒരു ഭാഗം ഇപ്രകാരമാണ്:

എന്തു വിളിക്കും നിന്നെ ഞാൻ? ഞങ്ങൾക്കപരിചിതൻ
എന്നാലും, ഞങ്ങളിൽനിന്നു ജനിച്ചോൻ!
സോദരനെന്നു വിളിക്കട്ടെ ഞാൻ,
അല്ലെങ്കിലതു പ്രതിശ്രുത വരനെന്നോ?
അതുമല്ലെങ്കിൽ തന്നമ്മയ്ക്കു
വെള്ളത്തിൽനിന്നു വരുന്നൊരു
രണ്ടാം ജന്മം നല്കുന്നോൻ
കർത്താവെന്നോ? (ഈ ലേഖകന്റെ വിവർത്തനം)

സമാനമായൊരു ഭാഗം മാർ അപ്രേമിന്റെ രചനയിൽനിന്നുള്ളത് മലങ്കര സുറിയാനി സഭയുടെ അനുദിനയാമപ്രാർഥനയിൽ വൈദിക, സന്യസ്തർ നിറവേറ്റുന്ന *ശ്ഹീമൊ* നമസ്കാരത്തിൽ വ്യാഴം രാത്രി ഒന്നാം യാമത്തിൽ പാടുന്നുണ്ട്. അതിന്റെ നിലവിലുള്ള പരിഭാഷ ഇങ്ങനെ:

മറിയം ചൊന്നാൾ
മിശിഹായോടവനെ പെറ്റളവിൽ
സുതനേ! നിന്നെ എങ്ങിനെ വിളി ചെയ്‌വേൻ?
ശിശുവെന്നാകിൽ
തലമുറകൾക്കും മുമ്പൻ നിയേ
വൃദ്ധനതെന്നോ? പൈതൽ നീയല്ലോ.
വിളി ചെയ്യും ഞാൻ
സൃഷ്ടിയെയല്ലാം ദ്യോതിപ്പിക്കും
താതൻ തന്റെ രശ്മിയതത്രെ നീ
ഹാലേലുയ്യാ
സ്തുത്യം നിൻ പ്രഭ ഞങ്ങൾ രക്ഷ-
യ്ക്കങ്ങെയയച്ച താതനുമാരാധ്യൻ.

മറിയാമിന്റെ ഇത്തരം വിസ്മയം വചനിപ്പുമുതലേ ഉള്ളതാണെന്ന് സിറിയൻ അന്ത്യോക്യക്കാരനായ ലൂക്കാ മുമ്പേ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദൈവദൂതൻ ഗബ്രിയേൽ മറിയമിന്റെ അടുത്തു വന്ന് "കൃപ നിറഞ്ഞവളേ, നിനക്കു സമാധാനം! കർത്താവ് നിന്നോടുകൂടെ" എന്ന് അഭിവാദനം ചെയ്തപ്പോൾ "ഈ വചനത്തിൽ അവൾ അതീവം അസ്വസ്ഥയായി; ഏതുതരം അഭിവാദനമായിരിക്കുമിത് എന്ന് അവൾ ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ 1,28-29). ഈ സംഭവത്തിനു മുമ്പേ ദേവാലയത്തിലെ വിശുദ്ധ സ്ഥലത്തെ ബലിയർപ്പണത്തോടു ബന്ധപ്പെടുത്തി പുരോഹിതനായ സഖറിയാ ദൈവസന്നിധിയിൽ ഭയപ്പെടുകയും അസ്വസ്ഥനാകുകയും ചെയ്ത സംഭവവും ലൂക്കാ വിവരിച്ചിട്ടുണ്ട് (ലൂക്കാ 1,5-12). യേശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലിസബത്തിനെ സന്ദർശിച്ച് അഭിവന്ദനം ചെയ്തപ്പോളത്തെ ഏലിസബത്തിന്റെ വിസ്മയത്തിൽ ഇങ്ങനെയുമുണ്ട്: "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഭാഗ്യം എനിക്ക് എവിടെനിന്ന്!" (ലൂക്കാ 1,43). ഈ 'വിസ്മയ'രംഗങ്ങളിൽനിന്ന് പിന്നെയും പിന്നോട്ടു പോയാൽ ദൈവദർശനത്തിൽ വിസ്മയിക്കുന്നവരുടെ അനുഭവങ്ങൾ ഇനിയേറെയുണ്ട് ബൈബിളിൽ. ഉദാഹരണത്തിന്, യാക്കോബിന്റെ കല്ത്തലയിണയും സ്വപ്നവും വിസ്മയവും ആരാധനയും ഉത്പത്തി 28ൽ ഉള്ളത് ഓർമിക്കാം

"*മറിയം ദീലേതോക്*"ന്റെ തുടർഗാനം (*മാനീതൊ*) സുറിയാനി മൂലരൂപമനുസരിച്ച് ആരംഭിക്കുന്നത് "നിന്നെ ഞാൻ പുകഴ്ത്തും എന്റെ കർത്താവായ രാജാവേ ..." (*ഏർമർമൊക് മോർ മല്കൊ*) എന്നത്രേ. ഈ ഭാഗം സങ്കീ 144,1-ന്റെ ഉദ്ധരണിയാണ്. ഈ ഉദ്ധരണി "*മറിയം ദീലേതോക്*"ന്റെ തുടർഗാനത്തിന്റെ (*മാനീതൊ*യുടെ) അവതാരകവാക്യമാണ്. അത് കുർബാനയിൽ പുരോഹിതൻതന്നാണ് ആലപിച്ചിരുന്നത്. ഈ ഘടനയ്ക്കു മാറ്റം വരുത്തിയത് ഓർത്തഡോക്സുകാരത്രേ. "മലയാളപരിഭാഷകളിൽ ഈ വാക്യത്തിന്റെ അവതാരകസ്വഭാവം നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, അത് ഗാനത്തിന്റെ ഏതാണ്ട് അവസാനഭാഗത്തേക്ക് തള്ളിമാറ്റപ്പെട്ടിരിക്കുകയുമാണ്. ഈ വാക്യം ആ ഗാനത്തിന്റെ ഭാഗമല്ല എന്ന സത്യം അറിവില്ലാഞ്ഞതുകൊണ്ടാകാം പരിഭാഷയിൽ ഈ വ്യത്യാസം വരുത്തിയത്." (മലങ്കരക്കാർ വരുത്തിയിട്ടുള്ള മാറ്റിമറിച്ചിലുകളെപ്പറ്റിയുൾപ്പടെ കൂടുതൽ വിവരങ്ങൾക്ക്, ലൂയിസ് മൂലവീട്ടിൽ, *യാക്കോബിന്റെ അനാഫൂറാ ഒരു പഠനം*, കോട്ടയം: സെന്റ് തോമസ് അപ്പസ്തോലിക്

സെമിനാരി, വടവാതൂർ, 1976,97 – 98. ആരംഭവാക്യത്തിന്റെ അവതാരകസ്വഭാവം നിലനിർത്തിക്കൊണ്ട് സുറിയാനി മൂലമനുസരിച്ചുള്ള വിവർത്തനം ഈ ലേഖകന്റെ *പുരോഹിതൻ തീച്ചൂളയിൽ* വാല്യം രണ്ടിൽ ലഭ്യമാക്കാൻ ഒരുക്കിയിട്ടുണ്ട്)). തുടർഗാനത്തിന്റെ അവതാരകപാദം സങ്കീ 144,1 ആകുന്നുവെന്ന വസ്തുതയോടു ചേർത്ത്, വചനമാം ദൈവത്തിന്റെ മനുഷ്യനായിത്തീരലിന്റെ ആരംഭഘട്ടത്തിൽത്തന്നെ അവനെ "എന്റെ കർത്താവ്" എന്ന് ഭൂമിയിൽ പരിശുദ്ധാത്മപൂരിതയായി ആദ്യം അവന്റെ അമ്മയോടുചേർത്ത് വിസ്മയിച്ചേറ്റു പറഞ്ഞത് ഏലിസബേത്താണെന്ന വസ്തുതയും നമുക്കോർമിക്കാം. രണ്ടാം സ്വർഗമായ മറിയം പ്രസവിച്ച പുത്രൻ തന്റെ ബലിപൂർത്തീകരണത്തിന്റെ മൂർധന്യത്തിൽ അവൾക്കു മക്കളായി ഏല്പിച്ചവർക്കുവേണ്ടി കുർബാനയിലാദ്യന്തം അവനോടപേക്ഷിക്കുമെന്ന ദൃഢവിശ്വാസപ്രഖ്യാപനംകൊണ്ടാണ് കുർബാനയിലെ ആദ്യസ്വർഗംതുറവിൽ പുരോഹിതൻ തന്റെ അധരങ്ങൾ തുറക്കുന്നത്.

... തുടരും

ലേഖകന്റെ രേഖാപരമായ അനുവാദമില്ലാതെ ഈ ലേഖനപരമ്പര ഭാഗികമായോ പൂർണമായോ ഭാഷാന്തരപ്പെടുത്തിയോ പുനഃപ്രസിദ്ധീകരിക്കാൻ പാടില്ലാത്തതാകുന്നു).